# പതിനാലാം കേരള നിയമസഭ
# (ഒന്നാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:992** **11/07/2016-ൽ മറുപടിയ്ക്ക്**

## മത്സ്യസംസ്കരണത്തിനും മത്സ്യ വിതരണത്തിനുമായുള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എം. നൗഷാദ്: | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
| എ) 2012-13 ബഡ്ജറ്റിൽ മത്സ്യസംസ്കരണത്തിനും മത്സ്യ വിതരണത്തിനും എന്തെല്ലാം പദ്ധതികൾ പ്രഖ്യാപിച്ചിരുന്നുവെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | എ) മത്സ്യം ഉപയോഗിച്ച് മൂല്യ വർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുവാനും വിതരണം ചെയ്യുവാനും കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ഫിഷ് മെയ്ഡ് എന്ന ബ്രാൻഡിൽ 100 കിയോസ്ക്കുകൾ സ്ഥാപിക്കുന്നതാണെന്ന് 2012-13 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. കൂടാതെ മത്സ്യവിപണനം നവീകരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം പുതുതായി 50 ആധുനിക മത്സ്യ മാർക്കറ്റുകൾ ആരംഭിക്കുന്നതാണെന്ന് പ്രഖ്യാപിക്കുകയും അതിനായി 3 കോടി രൂപ വകയിരുത്തുകയും ചെയ്തിരുന്നു. |
| ബി) പ്രസ്തുത പദ്ധതികൾക്കായി ബഡ്ജറ്റിൽ തുക വകയിരുത്തി യിരുന്നോ; എന്തെങ്കിലും പ്രവൃത്തി നടത്താൻ കഴിഞ്ഞോയെന്ന് വിശദമാക്കുമോ; | ബി) 2012-13 ബഡ്ജറ്റിൽ മത്സ്യം ഉപയോഗിച്ച് മൂല്യ വർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുവാനും വിതരണം ചെയ്യുവാനും "ഫിഷ് മെയിഡ്" എന്ന ബ്രാൻഡിൽ 100 ഫിഷ് കിയോസ്ക്കുകൾ സ്ഥാപിക്കുന്ന പദ്ധതിയ്ക്ക് സംസ്ഥാന വിഹിതമായി 35.00 ലക്ഷം രൂപ വകയിരുത്തിയിരുന്നു. പ്രസ്തുത പദ്ധതിക്കായി അനുവദിച്ച ഒരു കിയോസ്കിന് 3.5 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 2014-15 സാമ്പത്തിക |

വർഷത്തിൽ ഭരണാനുമതി നൽകിയ "ഫിഷ്മെയ്ഡ് പ്രീമിയം ഔട്ട്ലെറ്റ് സ്ഥാപിക്കൽ"എന്ന പദ്ധതയിലൂടെയാണ് "ഫിഷ് മെയിഡ് എന്ന ബ്രാൻഡിലുള്ള മൂല്യ വർദ്ധിത ഉത്പന്നങ്ങൾ വിപണനം ചെയ്തു വരുന്നത്.

സി) മത്സ്യ സംസ്കരണത്തിനായി ആധുനിക പ്ലാന്റുകൾ സ്ഥാപിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

സി) 2014-15 സാമ്പത്തിക വർഷത്തിൽ തൃശ്ശൂർ ജില്ലയിലെ അഴീക്കോട്, കണ്ണൂർ ജില്ലയിലെ അഴീക്കൽ എന്നിവിടങ്ങളിൽ ഫിഷ് പ്രോസ്സസ്സിംഗ് സെന്ററുകൾ സ്ഥാപിക്കുന്നതിനായി ഭരണാനുമതി നൽകി. സ്ഥല ലഭ്യത കുറവ് കാരണം തൃശ്ശൂർ ജില്ലയിലെ പദ്ധതി ഉപേക്ഷിച്ചു. കണ്ണൂർ ജില്ലയിലെ അഴീക്കലിൽ ഫിഷ് പ്രോസസിംഗ് സെന്റർ നിർമ്മാണം പുരോഗമിക്കുന്നു.

**സെക്ഷൻ ആഫീസർ**